# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1224**      **02/03/2017** -ൽ മറുപടിക്ക്

**മെഡൽ ജേതാക്കൾക്ക് പാരിതോഷികം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആന്റണി ജോൺ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പുമന്ത്രി)** |
| **(എ)** ലോക സ്കൂൾ അത് ലറ്റിക് മീറ്റിൽ മെഡൽ ജേതാക്കളായ കുട്ടികൾക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; | **(എ)** 2016-ജൂലൈ 11 മുതൽ 18 വരെ തുർക്കിയിലെ ടബ്സണിൽ വച്ച് നടന്ന ലോക സ്കൂൾ അത് ലറ്റിക് മീറ്റിൽ മെഡൽ നേടിയ മാസ്റ്റർ.പി.എൻ. അജിത്ത് (പാലക്കാട്, പറളി ഹൈസ്കൂൾ), മാസ്റ്റർ.അഭിഷേക് മാത്യു (കോതമംഗലം മാർബെസിൽ ഹൈസ്കൂൾ), കുമാരി.നിവ്യ ആന്റണി ( പാലക്കാട്, കുമരം പുത്തൂർ കല്ലടി ഹൈസ്കൂൾ), മാസ്റ്റർ കെ.എസ്. അനന്തു (ഗുരുവായൂർ ശ്രീകൃഷ്ണ ഹൈസ്കൂൾ) എന്നിവർക്ക് സ.ഉ (ആർ.ടി) 314/ 2017/ പൊ.വി തീയതി 07.02.2017 പ്രകാരം 5 ലക്ഷം രൂപ പാരിതോഷികം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(ബി)** മെഡൽ ജേതാക്കളായവരുടെ പരിശീലകർക്ക് പാരിതോഷികം പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | **(ബി)** ഇതു സംബന്ധിച്ച് നിലവിൽ ശുപാർശകൾ ഒന്നും സർക്കാരിന്റെ പരിഗണനയിലില്ല. |

Hussain K B

സെക്ഷൻ ഓഫീസർ